LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലായ് 12, തിങ്കൾ

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2004 ജൂലൈ മാസം 12-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. സുന്ദരൻ നാടാരുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ 274.

സർവേ നടപടികൾ പൂർത്തിയാക്കിയ ജലവൈദ്യുത പദ്ധതികൾ

*1 [274] ശ്രീ. പി. ജെ. ജോയി :
,, ടി. വി. ചന്ദ്രമോഹൻ:
,, എ. പി. അനിൽകുമാർ:
,, എം. എ. ചന്ദ്രശേഖരൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവേ നടപടികൾ പൂർത്തിയാക്കിയ എത്ര ജലവൈദ്യുത പദ്ധതികളുടെ പണി ആരംഭിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവ ഏതെല്ലാം പദ്ധതികളാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ ഓരോന്നിൽനിന്നും എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയും;

(ഡി) ഇവയുടെ പണി കരാറുകൊടുക്കാത്തതും ആരംഭിക്കാത്തതും എന്തു കൊണ്ടാണെന്ന് അറിയിക്കാമോ;

(ഇ) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വൈദ്യുതി ബോർഡ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് എന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) 21 എണ്ണം

(ബി, സി) സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്. †

(ഡി) വിശദമായ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും, പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയ ശേഷം പദ്ധതിക്കുവേണ്ട സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി (സി.ഇ.എ.)-യുടെ അനുമതി, കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിസ്ഥിതി അനുമതി കേന്ദ്ര വനസംരക്ഷണ നിയമമനുസരിച്ചുള്ള അനുമതി എന്നിവയെല്ലാം ലഭിച്ച ശേഷം ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയതിനുശേഷം മാത്രമേ ടെൻഡർ ക്ഷണിച്ച് പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(ഇ) ടെൻഡർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിൽ മാത്രമേ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് പറയാനാകൂ.

ശ്രീ. പി.ജെ. ജോയി: ബഹുമാനപ്പെട്ട മന്ത്രി 21 ജല വൈദ്യുത പദ്ധതികളുടെ സർവ്വേ നടപടികൾ പൂർത്തിയായി എന്ന് പറയുകയുണ്ടായി. 21 പദ്ധതികൾക്ക് എത്ര തുക ചെലവാക്കേണ്ടി വരുമെന്നുള്ളത് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: ടെന്റർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്യുന്ന ഘട്ടത്തിൽ മാത്രമേ ഇത്തരം കാര്യങ്ങൾ നമുക്ക് ശരിയായി അറിയാൻ കഴിയുകയുള്ളൂ. ഏതായാലും ഇതൊന്നുംതന്നെ ഇലക്ട്രിസിറ്റി ബോർഡിന്റെ ഫണ്ടിൽനിന്നല്ല. ഇതെല്ലാം ലോണെടുത്ത് ചെയ്യുന്നതാണ്.

ശ്രീ. പി. ജെ. ജോയി: വളരെയധികം വിവാദമുണ്ടായ പദ്ധതിയാണ് അതിരപ്പിള്ളി ജല വൈദ്യുത പദ്ധതി. ഇതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി? അതിന് എത്ര തുക ചെലവാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: 163 മെഗാവാട്ട് ഇലക്ട്രിസിറ്റി ലഭിക്കുന്ന പദ്ധതിയാണിത്. 1990-നു മുൻപ് ഇതിന്റെ ടെന്റർ ക്ഷണിച്ച് വർക്ക് ഓർഡർ നൽകാൻ തീരുമാനിച്ചതാണ്. ഇതിന്റെ കോൺട്രാക്റ്റിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുണ്ടായിരുന്നതിനാൽ പണി തുടങ്ങിയില്ല. ഹൈക്കോടതിയിൽ നിന്ന്

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന് അനുകൂലമായ വിധി ഉണ്ടായതിനെത്തുടർന്ന് ഒരു പരിസ്ഥിതിവാദി ഹൈക്കോടതിയിൽ പരാതി നൽകി. 17-10-2001-ൽ ഹൈക്കോടതിയിൽ നിന്ന് സ്റ്റേയുണ്ടായി. കേന്ദ്ര പരിസ്ഥിതി ആക്ടിൽ വരുത്തിയ ഭേദഗതിയനുസരിച്ച് പരിസ്ഥിതി ക്ലിയറൻസിനു മുൻപ് പരിസ്ഥിതി ഹിയറൻസ് നിർബന്ധമാക്കിയതിനാൽ ആയതും കൂടി വേണമെന്നായി. അപ്പോൾ പരിസ്ഥിതിവാദി സ്റ്റേ വാങ്ങിച്ചത് ഞങ്ങൾ വെക്കേറ്റ് ചെയ്തപ്പോൾ ഇൻഡ്യാ ഗവൺമെന്റിന്റെ നിയമം മാറി. ഇത്തരം കാര്യത്തിൽ പബ്ലിക് ഹിയർസെ വേണമെന്ന് പറഞ്ഞ് ബോർഡ് അവിടെപ്പോയി. പഴയ പദ്ധതിയായതുകൊണ്ട് ഇതിന്റെ ആവശ്യരില്ലെന്നു പറഞ്ഞ് സെൻട്രൽ ഗവൺമെന്റ് അംഗീകരിച്ചില്ല. അതനുസരിച്ച് പുതുക്കിയ ക്ലിയറൻസിന് ഇവിടെ അതിന്റെ ഹിയറിംഗ് എല്ലാം കേട്ട് പ്രൊസീഡിംഗ്സെല്ലാം കഴിഞ്ഞ് അറിയിച്ചിരിക്കുകയാണ്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. കേന്ദ്ര മന്ത്രിതലത്തിൽനിന്ന് നിരന്തരമായ സമ്പർക്കം പുലർത്തിവരുന്നു. കാലതാമസം ഇല്ലാതെ പുതുക്കിയ ക്ലിയറൻസ് ലഭ്യമാകുമെന്നാണ് പ്രതീക്ഷ. ഇത് ലഭ്യമായാൽ ഉടൻ തന്നെ തുടങ്ങാൻ കഴിയുന്നതാണ്.

<u>ശ്രീ. ടി. വി. ചന്ദ്രമോഹൻ:</u> അടുത്തകാലത്തായി പരിസ്ഥിതി വാദികൾ ജല വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനെ സംബന്ധിച്ചുള്ള അപകടങ്ങൾ സൂചിപ്പിക്കുകയും പ്രസരണ നഷ്ടവും വിതരണ നഷ്ടവും ഒഴിവാക്കിയാൽ ഈ പദ്ധതികളുടെ ആവശ്യമില്ല എന്ന് സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. വിവാദപരമായ പാത്രക്കടവ് പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

<u>ശ്രീ. കടവൂർ ശിവദാസൻ:</u> എന്തിനും തർക്കിക്കുക എന്നുള്ള നയമുണ്ട്. 'തവ മാതാ പതിവ്രത' എന്നു പറഞ്ഞാൽ 'നഹി നഹി' എന്നു പറയുന്ന വിദ്യയുണ്ട്. അതാണ് ഇവിടെ നടക്കുന്നത്. പ്രസരണ നഷ്ടം കുറച്ച് വിതരണം ചെയ്യണമെന്ന് പറയും. അതുകൊണ്ട് പുതിയ പദ്ധതി വേണമെന്നു പറയുന്നവർ തന്നെ പുതിയ ഇലക്ട്രോണിക് മീറ്റർ വയ്ക്കുമ്പോൾ ചെറിയ ചെറിയ കാര്യത്തിന്റെ പേരിൽ അങ്ങനെയൊരു മീറ്റർ വയ്ക്കാൻ പാടില്ല എന്ന് പറഞ്ഞാണ് പ്രക്ഷോഭണം. നേരത്തെ പറഞ്ഞ അതിരപ്പിള്ളി പദ്ധതി ഇപ്പോൾ തീരേണ്ടതാണ്. പരിസ്ഥിതിയുടെ പേരിൽ അത് നടന്നില്ല. കോടിക്കണക്കിനു രൂപ നഷ്ടമാണ്. ആദ്യം കോൺട്രാക്ടറുടെ ചെറിയ തർക്കമുണ്ടായിരുന്നു. ഹൈക്കോടതിയിൽ പോയി അത് തീർന്നു. ആ തർക്കം തീർന്നപ്പോൾ ചെറിയമാനത്തുകണ്ണിയുടെ അത്രയുമുള്ള മീനിന്റെ പ്രജനന പ്രക്രിയ പൂർണ്ണമാകുമോ എന്ന് പരിസ്ഥിതി വാദികൾക്ക് സംശയം. കാടില്ല, വെള്ളം തീരുന്നില്ല. അപ്പോൾ ചെറിയ മീനിന്റെ പുറത്തായി പ്രശ്നം. നിർഭാഗ്യവശാൽ ഹൈക്കോടതിയിൽ നിന്ന് സ്റ്റേ കിട്ടി.

LIBRARY ARCHIVES Kerala Legislative Assembly

അവസാനം വിധി വന്നപ്പോൾ സ്റ്റേ വെക്കേറ്റ് ചെയ്യാനല്ല ഇനിയും പഠിച്ചു കൊള്ളാനാണ് വിധി വന്നത്. അങ്ങനെ മീനിന്റെ പ്രജനന പ്രക്രിയ എന്തായി എന്നറിയാൻ എല്ലാവരും മീനിന്റെ പുറകേ പോയി. അതുകഴിഞ്ഞപ്പോൾ സെൻട്രൽ ഗവൺമെന്റിന്റെ നിയമം മാറി. സൈലന്റ് വാലി തൊട്ട് പുഴംകുട്ടിയും അതിരപ്പിള്ളിയുമൊക്കെ വന്നപ്പോൾ ഇതുതന്നെയാണ് പ്രശ്നം. അങ്ങനെ ഒരു ഭാഗത്ത് ഇതെല്ലാം കൂടെ ബാലൻസ്ഡായിട്ടുള്ള വ്യൂ എടുത്താൽ മാത്രമേ സാധിക്കുകയുള്ളൂ. നമുക്ക് അഫോർഡബിളായിട്ടുള്ള പ്രൈസിൽ അല്ലേ ഇലക്ട്രിസിറ്റി നൽകാൻ കഴിയുകയുള്ളൂ. അത് സഭ തീരുമാനിക്കേണ്ട കാര്യമാണ്.

ശ്രീ. ടി. വി. ചന്ദ്രമോഹൻ: കഴിഞ്ഞ രണ്ടു സഭാ സമ്മേളനകാലത്തും ചില ചൈനീസ് പദ്ധതികളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈ പദ്ധതികളുടെ സ്ഥിതിയെന്താണ്? ഏതെങ്കിലും പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: 18 പദ്ധതികളാണ് ഐഡന്റിഫൈ ചെയ്തിരുന്നത്. ഇതിൽ നാല് പദ്ധതികൾ മുൻ ഗവൺമെന്റ് തന്നെ എടുത്തിരുന്നതാണ്. ആ നാല് പദ്ധതികളും ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ പൂർത്തീകരിക്കും. പണി നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: വളരെയധികം ചർച്ച ചെയ്യപ്പെട്ട സൈലന്റ് വാലി പദ്ധതി പരിസ്ഥിതി ആഘാതം ഭയന്നാണ് ഇന്ന് നമ്മൾ മാറ്റി നിർത്തിയിരിക്കുന്നത്. സൈലന്റ് വാലി പദ്ധതിക്കു പകരം ഇന്ന് വിശേഷിപ്പിക്കാവുന്ന രീതിയിൽ പ്രചരണം നടന്നുകൊണ്ടിരിക്കുന്ന, ആളുകൾക്ക് ആശങ്കകളുണ്ടായിക്കൊണ്ടിരിക്കുന്ന പദ്ധതിയായി പാത്രക്കടവ് പദ്ധതിമാറിയിരിക്കുകയാണ്. സൈലന്റ് വാലി പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞാൽ ഹെക്റ്റർ കണക്കിന് വനഭൂമി വെള്ളത്തിലാകുമെന്നാണ് പറഞ്ഞത്. എത്രമാത്രം വനഭൂമി വെള്ളത്തിനടിയിലാകുമെന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: പാത്രക്കടവ് പദ്ധതിക്ക് ഓരോ ന്യായങ്ങളുണ്ട്. ഇപ്പോൾ അവരുടെ പത്ര പ്രസ്താവനകളിൽ കാണുന്നത് സൈലന്റ് വാലിയുമായി സാമീപ്യമുണ്ട്, അതുകൊണ്ട് പാടില്ലെന്നാണ്. ഒന്നാമത് വലിയ ഡാം കെട്ടുന്നതല്ല, eco-friendly ആണ്. Run of the river scheme ആണ്. അവിടെ തർക്കിക്കാൻ നിവൃത്തിയില്ല. ഇനിയാണെങ്കിൽ 4.1 ഹെക്ടർ മാത്രമേയുള്ളൂ വനഭൂമി. അതിൽ 2 ഹെക്ടർ വരെ നദീതടം തന്നെയാണ്. പിന്നെയാകെ വരുന്നത് രണ്ടു ഹെക്ടർ സ്ഥലമാണ്. ആ രണ്ടു ഹെക്ടർ സ്ഥലത്തിന്റെ പേരിൽ പ്രക്ഷോഭം നടത്താൻ അവർക്ക് നാണമുണ്ട്. ആ പദ്ധതിയും നടക്കുകയില്ല. ഇപ്പോൾ അവർ പറയുന്നത് സൈലന്റ് വാലിയുടെ സമീപമാണെന്നാണ്. സൈലന്റ് വാലിയുടെ സമീപമെന്നു പറഞ്ഞാൽ അത് പരിസ്ഥിതി വാദത്തിന്റെ പരിധിയിൽ പെടുന്നതാണോ എന്നു പോലും എനിക്ക് സംശയമുണ്ട്. ഏതായാലും ഇപ്പോൾ ഗവൺമെന്റ് ഇതിന്റെ പഠനം നടത്തിക്കൊണ്ടിരിക്കുന്ന സ്റ്റേജാണ്. ഇതിന്റെ എസ്റ്റിമേറ്റും സർവ്വേയുമെല്ലാം നടക്കുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. അനിൽ കുമാർ: സർവ്വേ പൂർത്തിയാക്കിയ ജല വൈദ്യുത പദ്ധതികളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മലപ്പുറം ജില്ലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഉൾപ്പെടെ ഒരു പദ്ധതിയും ഇപ്പോൾ നിലവിലില്ല. പക്ഷെ, ആറ്റിൻപാറ ജലവൈദ്യുത പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ മുമ്പ് സൂചിപ്പിച്ചതാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള പ്രവർത്തനങ്ങൾ എവിടെവരെയെത്തി എന്ന് വ്യക്തമാക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഈ പറഞ്ഞ 21 പദ്ധതികളുടെ ലിസ്റ്റിൽ കാണുന്നില്ല. അത് പരിശോധിച്ചിട്ട് പറയാം. അങ്ങനെ ഉണ്ടായിരിക്കും. ചെറുകിട പദ്ധതികൾ 81 എണ്ണമുണ്ട്. അതിൽ ഒരു പദ്ധതിയാണിത്.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: അയൽ സംസ്ഥാനങ്ങളുടെ എതിർപ്പുമൂലം നമ്മുടെ ഏതെങ്കിലും പദ്ധതികൾക്ക് അനുമതി കിട്ടാതെയുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: അയൽ സംസ്ഥാനങ്ങളുടെ എതിർപ്പല്ല പ്രധാനമായിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിലൂടെ ഒഴുകി വരുന്ന നദികളുടെ പ്രശ്നത്തിന്റെ കാര്യം വരുമ്പോൾ സ്വാഭാവികമായും അവരുടേയുംകൂടെ കൺസെന്റ് വേണ്ടിവരും. വയനാട് പ്രദേശത്തുകൂടി വരുന്ന ഭവാനിപ്പുഴയൊക്കെ ആ സ്റ്റേജിൽ ആയില്ല. അപ്പോൾ സ്വാഭാവികമായും ഇന്റർ സ്റ്റേറ്റ് റിവർ വരുമ്പോൾ അങ്ങനെയൊരു സീരിയസ് തർക്കത്തിന്റെ സ്റ്റേജിൽ നമ്മൾ എത്തിയിട്ടില്ല.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: ബി.ഒ.ടി. അടിസ്ഥാനത്തിലാണോ, turn key അടിസ്ഥാനത്തിലാണോ ബോർഡ് പദ്ധതികൾ നടത്താൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കടവൂർ ശിവദാസൻ: Turn key. അടിസ്ഥാനത്തിൽ നമ്മൾ നടത്തുന്നുണ്ട്. ഇത്ര ദിവസത്തിനകം തരണമെന്നു പറഞ്ഞ് ചെയ്യാറുണ്ട്. ബി.ഒ.ടി.-യിൽ നമ്മൾ ഇതുവരെ ചെയ്തിട്ടില്ല.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: മേക്കര ഡാമിൽ നിന്ന് വെള്ളം ചോർത്തുന്നു എന്ന ആക്ഷേപം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത് തടയാൻ ഗവണ്മെന്റ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ശ്രീ. കടവൂർ ശിവദാസൻ: മേക്കര ഡാമിൽ നിന്ന് വെള്ളം ചോർത്തുന്നത് സംബന്ധിച്ച് ഒരു ആരോപണം ഉണ്ടായിട്ടുള്ളതാണ്. അത് ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ടുമെന്റിലേയും എൻജിനിയർമാർ പോയി പരിശോധിച്ചു. അവിടെ കുഴപ്പമില്ല എന്നു കണ്ടു. പിന്നെ എം.എൽ.എ.-മാർ തന്നെ പോയി പരിശോധിച്ചപ്പോൾ കുഴപ്പമില്ല എന്നാണ് കണ്ടത്. എന്നാൽ ആ ഭാഗത്തുള്ള വെള്ളം ഒരിക്കലും അവർക്ക് ലഭിക്കാതിരിക്കാൻ വേണ്ടി ചെളിക്കല്ലാർ, അച്ചൻകോവിലാർ, വക്കല്ലാർ എന്നീ പ്രോജക്ടുകളുടെ സർവ്വേയും ഇൻസ്പെക്ഷനും നടത്തി. ആ പദ്ധതികൾ ആരംഭിക്കാനുള്ള നടപടിയെടുക്കുകയാണ്. ആ പദ്ധതികൾ വരുന്നതോടുകൂടി അവിടെനിന്ന് വെള്ളം പോകുന്നുവെന്ന പ്രശ്നം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: കുറ്റ്യാടി പദ്ധതി തുടങ്ങിയിട്ട് 23 വർഷമായി. പത്താം പഞ്ചവൽസര പദ്ധതിയിൽ അതിന്റെ അഡീഷണൽ എക്സ്റ്റൻഷൻ പരിപാടികളും നടക്കുന്നു. ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയും; എത്രത്തോളം അതിന്റെ ഗുണകരമായ പ്രയോജനം ലഭ്യമാക്കാൻ കഴിയും.

ശ്രീ. കടവൂർ ശിവദാസൻ: ശരിയാണ്. ഇതുപോലെയുള്ള കേസുകളും തർക്കങ്ങളും കൊണ്ട് അത് പത്തിരുപത് വർഷമായി മുടങ്ങിക്കിടക്കുന്നതാണ്. ഇപ്പോൾ ബോർഡിന്റെ മുഴുവൻ ശ്രദ്ധയും ആ കാര്യത്തിൽ ചെലുത്തി പണി ധൃതഗതിയിൽ നടക്കുകയാണ്. ഇപ്പോൾ അതിന്റെ ആദ്യ സ്റ്റേജ് ഡൈവർഷൻ നടത്താവുന്ന സ്റ്റേജാണ്. ഇപ്പോഴത്തെ മഴകൊണ്ട് വെള്ളം ഇത്തിരി കൂടിപ്പോയി എന്നുള്ളതാണ് പ്രശ്നം. അത് താഴ്ന്ന ഉടൻതന്നെ ഡൈവർഷൻ വരും. എന്നാൽ ഏതാണ്ട് 50 മില്യൻ യൂണിറ്റ് ഇലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാവുന്ന അത്രയും വെള്ളം ഇടുക്കിയിലേയ്ക്ക് തിരിച്ചുവിടാം. അങ്ങനെ ഒരു വലിയ നേട്ടം ഉണ്ടാകുന്ന സ്ഥിതിയിലാണ്. അതിന്റെ ഉത്ഘാടനം ഇപ്പോൾതന്നെ ചെയ്യാമായിരുന്നു. ഇപ്പോൾ വെള്ളം അൽപ്പം കൂടിപ്പോയി. വെള്ളം അൽപ്പം താഴ്ന്നാലേ ഡൈവർഷൻ ചെയ്യാനൊക്കൂ. അത് ഉടൻ നടത്താവുന്ന സ്റ്റേജിൽ ഇരിക്കുകയാണ്. ബോർഡിന്റെ പ്രവർത്തനത്തിന്റെ വലിയ നേട്ടമായിട്ടുള്ളതാണ് ഇത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്മുടെ സംസ്ഥാനത്ത് ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുമ്പോൾ പരിസ്ഥിതിയെ പരമാവധി സംരക്ഷിച്ചുകൊണ്ടുള്ള ജലവൈദ്യുത പദ്ധതികൾ മാത്രമേ ആരംഭിക്കാൻ കഴിയൂ. ആ വസ്തുത കണക്കിലെടുത്തുകൊണ്ടാണ് പല പദ്ധതികളും run of the river project ആയി മാറ്റാവുന്ന പദ്ധതിക്ക് രൂപം കൊടുത്തത്. അങ്ങനെ എത്ര പദ്ധതികളാണ് run of the river project എന്ന നിലയിൽ തയ്യാറാക്കിയിട്ടുള്ളത്. മാനന്തവാടി പ്രോജക്ട് ഇതിന്റെ പരിധിയിൽ വരുമോ?

ശ്രീ. കടവൂർ ശിവദാസൻ: മാനന്തവാടി രൂപകൽപ്പന ചെയ്തപ്പോൾ അങ്ങനെയല്ലായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. പക്ഷെ, പിന്നീട് പല കാരണങ്ങൾകൊണ്ടും അത് നടന്നത് run of the river scheme ആയിട്ടാണ്, ഓരോന്നും അതിന്റെ സർവ്വേയും അതിന്റെ പഠനവും അതിന്റെ പോസിബിലിറ്റിയും നോക്കിയിട്ടാണ് run of the river scheme ആയി നടത്താനൊക്കുമോ, ഡാം കെട്ടി നിർത്താനൊക്കുമോ എന്ന് ആത്യന്തികമായി തീരുമാനിക്കുക.

ശ്രീ. കളത്തിൽ അബ്ദുള്ള: 73, 74 ഭരണഘടനാ ഭേദഗതി പ്രകാരം നമ്മുടെ പഞ്ചായത്ത് രാജ് ആക്ട് കേരളത്തിലെ ജില്ലാ ഭരണകൂടത്തിനും ജില്ലാ പഞ്ചായത്തുകൾക്കും മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുണ്ടാക്കാൻ അനുമതി നൽകുന്നുണ്ട്. ആ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ പഞ്ചായത്ത് മണ്ണാർക്കാട് താലൂക്കിലെ മീൻവല്ലം പ്രദേശത്ത് ഒരു മിനി ഹൈഡ്രോ ഇലക്ട്രിക്

പ്രോജക്ട് ആരംഭിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. ഇപ്പോൾ ആ മിനി ഹൈഡ്രോ പ്രോജക്ടിന്റെ പണി നിർത്തിയിട്ടുള്ളത് പ്രധാനമായും സംസ്ഥാന ഗവണ്മെന്റ് ഗ്യാരന്റി കൊടുക്കുന്നില്ല എന്ന ഒരു ആരോപണം പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതുകൊണ്ടാണ്. ഇതു സംബന്ധിച്ചുള്ള കേരള ഗവണ്മെന്റിന്റെ നയം ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

<u>ശ്രീ. കടവൂർ ശിവദാസൻ:</u> അതിന് സാങ്ഷൻ കൊടുക്കുമ്പോൾ തന്നെ പഞ്ചായത്ത് റിസോഴ്സസ് കണ്ടുപിടിച്ച് നടത്തണം എന്ന കണ്ടീഷനിലാണ് കൊടുത്തത്. അവർ ഒന്നുരണ്ട് കോടിരൂപയൊക്കെ റിസോഴ്സസ് കണ്ടുപിടിച്ചു വെന്നാണറിവ്. ഇനി 7 കോടിയോളം രൂപ വേണമെന്നാണ് അറിയുന്നത്. അതിന് ഗവണ്മെന്റ് ഗ്യാരന്റി നൽകണമെന്നുള്ളതാണ്. ഇത്തരം പദ്ധതികൾക്ക് ഗ്യാരന്റി നൽകിയിട്ട് അത് പൊളിഞ്ഞുപോയാൽ അവസാനം ഗവണ്മെന്റ് കൊടുക്കേണ്ടി വരും. ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ധാരാളം ഗ്യാരന്റികൾ ഇങ്ങനെ കൊടുക്കുകയും, ഇപ്പോൾ ഗ്യാരന്റിയുടെ പീരീഡ് അവസാനിച്ചപ്പോൾ പല കമ്പനികൾക്കും ഗവണ്മെന്റ് പണം കൊടുക്കുകയും ചെയ്യേണ്ട ഒരു സ്ഥിതി വിശേഷം വന്നിരിക്കുന്നതുകൊണ്ട് ഗവണ്മെന്റിന്റെ നയപരമായ തീരുമാനമാണ് ഇനി ഫർദർ ഗ്യാരന്റി വളരെ കുറച്ചുമാത്രം റിലീസ് ചെയ്താൽ മതിയെന്നുള്ളത്. ഈ സ്കീം പഞ്ചായത്തിന് നടത്താൻ കഴിയും. പഞ്ചായത്ത് നടത്താൻ പോകാതിരുന്നാൽ ഗവണ്മെന്റിന് 7 കോടി രൂപ കൊടുക്കേണ്ടിവരുമെന്നുള്ള സ്ഥിതിയാണ്. അതൊരു നയപരമായ കാര്യമാണ്. എനിക്ക് പറയാനൊക്കുകയില്ല. അത് ക്യാബിനറ്റ് തീരുമാനിക്കേണ്ടതാണ്.

<u>ഡോ. കെ. സി. ജോസഫ്:</u> വൈദ്യുതി ഉൽപ്പാദനം കേരളത്തിന്റെ വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. പുതിയ പുതിയ പദ്ധതികൾ ഓരോന്നായി ആരംഭിക്കുമ്പോൾ പരിസ്ഥിതി പ്രവർത്തകരുടെ ഭാഗത്തുനിന്നും മറ്റ് വിവിധ കേന്ദ്രങ്ങളിൽ നിന്നും തർക്കങ്ങൾ വന്നുപോകുന്നു. കൂടങ്കുളത്ത് അണുവൈദ്യുത നിലയം വന്നു. കേരളത്തിൽ അനുവദിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഒരു പെഴ്സ്പെക്ടീവ് പ്ലാൻ, കേരളത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അണു വൈദ്യുത പദ്ധതികളാണെങ്കിലും, മറ്റ് പദ്ധതികളാണെങ്കിലും അതിനെ സംബന്ധിച്ചിടത്തോളം സർക്കാരിന്റെ ലക്ഷ്യം പുറത്തുവച്ചശേഷം എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പരിസ്ഥിതി സംഘടനകളുടേയും ഒരു പൊതുവായ യോഗം വിളിച്ചുകൂട്ടി ഒരു അഭിപ്രായസമന്വയത്തിൽ എത്തിക്കണം. ദീർഘകാലാടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കി ഓരോന്നായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടവൂർ ശിവദാസൻ:</u> എല്ലാപേരുടേയും ഒരു കോൺസെൻസസ് വാങ്ങുന്നത് നല്ലൊരു ഐഡിയയാണ്. അതിനെപ്പറ്റി ആലോചിക്കാം. മൊത്തത്തിലല്ലെങ്കിൽത്തന്നെയും കുറേയധികം പദ്ധതികളുടെ കാര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളേയും പരിസ്ഥിതിവാദികളേയും വിളിച്ചുകൂട്ടി ഒരു കോൺസെൻസസ് ഉണ്ടാക്കുന്നതിന് ശ്രമിക്കുന്നതിന് വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: ഒന്നാം പദ്ധതിക്കാലത്ത് കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ച നിരവധി പദ്ധതികൾ ഇന്നും ടേക്കപ്പ് ചെയ്യാതെ കിടക്കുന്നുണ്ട്. നേരത്തെ ചൂണ്ടിക്കാണിച്ച പദ്ധതികളിൽ മുന്നിലൊന്നുപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ ചോദ്യം, കേരളത്തിൽ ഏറ്റവും കൂടുതൽ പദ്ധതികളുള്ള ജില്ലയാണ് ഇടുക്കി ജില്ല. ആ ഇടുക്കി ജില്ലയിൽ ഇപ്പോൾ എല്ലാ സർവ്വേയും നടത്തി ഒന്നുരണ്ടുവട്ടം ടെന്റർ നടപടികളുമായി. എന്റെ മണ്ഡലത്തിൽ ഉടമ്പന്നൂർ പഞ്ചായത്തിലെ കീഴാർകുത്ത് ചെറുതേൻമാലി പദ്ധതികൾക്കുവേണ്ടി ഒരു പ്രാവശ്യം ടെന്റർ ചെയ്തു. പിന്നെ നടന്നില്ല. ആ പദ്ധതി വീണ്ടും ടെന്റർ ചെയ്ത് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: അത് പരിശോധിച്ച് തടസ്സമില്ലായെങ്കിൽ ടെന്റർ നടപടി കണ്ടിന്യൂ ചെയ്യുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: പാത്രക്കടവ് പദ്ധതിയെ സംബന്ധിച്ച് അങ്ങ് ഇവിടെ മറുപടി പറഞ്ഞപ്പോൾ ചില പരിസ്ഥിതിവാദികൾ എന്ന് പറഞ്ഞു. അങ്ങനെ ചെറുതായി കാണരുത്. പാത്രക്കടവ് പദ്ധതിയുമായി ബന്ധപ്പെട്ട് അതിന്റെ പഠനം നടത്തിയ ആ കമ്മിറ്റിയുടെ റിപ്പോർട്ടിനെ സംബന്ധിച്ച് തന്നെ ധാരാളം സംശയങ്ങൾ ഉയർന്നിട്ടുണ്ട്. അവിടെ നടത്തിയ പൊതുജനങ്ങളുടെ തെളിവെടുപ്പുമായി ബന്ധപ്പെട്ടും പൊലൂഷൻ കൺട്രോൾ ബോർഡ് നടത്തിയ തെളിവെടുപ്പിനെ സംബന്ധിച്ചും ആക്ഷേപങ്ങളുയർന്നിട്ടുണ്ട്. ഇതൊക്കെ വസ്തുനിഷ്ഠമായി പരിശോധിക്കാതെ ഏകപക്ഷീയമായി പാത്രക്കടവ് പദ്ധതിയുമായി മുന്നോട്ടുപോകാൻ ഗവണ്മെന്റ് തീരുമാനിച്ചതുകൊണ്ടാണ് ഇത്രയും ശക്തമായ എതിർപ്പുണ്ടായത്. അതുകൊണ്ട് സൈലന്റ്വാലി പദ്ധതിയുമായി ബന്ധപ്പെട്ട് അതിന്റെ പ്രാന്തപ്രദേശത്തുള്ള പദ്ധതി എന്ന നിലയിലും അത്യപൂർവ്വമായ സസ്യജാലങ്ങളും പക്ഷിമൃഗാദികളും ജൈവസമ്പത്തും ഉള്ള ഒരു മേഖല എന്ന നിലയിലും ആ പ്രദേശത്ത് എന്ത് പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് ഗൗരവമായ പഠനം നടത്താൻ സർക്കാർ മുന്നോട്ടുവരുമോ? അത്തരം ഒരു പഠനമില്ലാതെ ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നത് സംസ്ഥാന ഗവണ്മെന്റിന്റെ താൽപ്പര്യങ്ങൾക്കെതിരായതുകൊണ്ട് അത് നിർത്തിവയ്ക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഈ പദ്ധതികളെല്ലാം നിർത്തണമെന്ന് ബോർഡിനോ ഗവൺമെന്റിനോ യാതൊരു നിർബന്ധവുമില്ല. ഇത് രാജ്യത്തിന്റെ പൊതുതാൽപര്യവും പൊതുസ്വത്തും ഉപയോഗിക്കുന്ന കാര്യമാണ്. എല്ലാത്തിനും സംശയമാണ്. ഇങ്ങനെ സംശയിച്ച് ഇത് നശിച്ചുപോവുകയേയുള്ളൂ. 44 നദികളുണ്ട്. ഇതൊന്നും നടപ്പാക്കുവാൻ സാധിക്കുകയില്ല. പുയംകുട്ടി തുടങ്ങി 750-ഓളം പദ്ധതികൾ അങ്ങനെപോയി. അങ്ങനെ ഓരോന്നും പോവുകയാണ്. അതിരപ്പിള്ളി നാലുകൊല്ലമായി കിടക്കുന്നു. ഞാൻ വായിക്കാറുണ്ട്. ഇലയുടെ കവിതയും കുരുവിയുടെ കഥയുമൊക്കെ. പക്ഷേ ഇപ്പോൾത്തന്നെ രണ്ട് ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് വെള്ളം നിൽക്കുകയാണ്. അതിന്റെകൂടെ രണ്ട് ഹെക്ടർകൂടി എടുത്താൽ ആകാശം ഇടിഞ്ഞുവീഴുമെന്ന് പറയുന്നതുപോലെയാണ്. A peevish child's cry എന്നല്ലാതെ എന്താണ് ഇതിന് പറയുക? ഇതിന് vested interest ഉണ്ടെന്ന് ഞാനും.

ആ നടപടിക്രമത്തെ സംബന്ധിച്ച് അവരൊക്കെ അനുകൂലമാണ്, അവിടത്തെ പ്രധാനപ്പെട്ട പൊളിറ്റിക്കൽ പാർട്ടീസും പ്രധാനപ്പെട്ട ആളുകളുമെല്ലാം. ലോകം മുഴുവൻ run of the river scheme-ലേക്ക് പോവുകയാണ്. അപ്പോഴാണ് ഇങ്ങനെ ഒരു എതിർപ്പ്. ചൈനയിൽ എത്രയോയുണ്ട്. അതുപോകട്ടെ, അതുകൊണ്ട് അങ്ങനെ ആകരുത്. ഇപ്പോൾ ഇത് നടത്തുന്ന സ്റ്റേജിലല്ല. This is only a stage of investigation. Investigation നടക്കട്ടെ. അവസാനം വരുമ്പോൾ പഠിക്കാം. അവർ പറയുന്ന എല്ലാ തർക്കങ്ങളും പഠിക്കാം.

ശ്രീ. അടൂർ പ്രകാശ്: എന്റെ നിയോജകമണ്ഡലത്തിലെ കിഴക്കൻ മേഖലയിൽ ചെളിക്കല്ലാർ, വക്കല്ലാർ, അച്ചൻകോവിലാർ ഇങ്ങനെ മൂന്ന് ചെറുകിട ജല വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഞാൻ ഇവിടെ സബ്മിഷൻ ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ആഴ്ച അതിന് മറുപടി പറയുകയും ചെയ്തതാണ്. അത് പരിസ്ഥിതി പ്രശ്നത്തിന്റെ പരിധിയിൽപ്പെടാത്ത പ്രദേശമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് കസ്റ്റ്യൻ ടൈമാണ്. Please put the question.

ശ്രീ. അടൂർ പ്രകാശ്: ഞാൻ ചോദ്യം ചോദിക്കുകയല്ലേ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് പറഞ്ഞാൽ മതിയല്ലോ?

ശ്രീ. അടൂർ പ്രകാശ്: പരിസ്ഥിതിപ്രശ്നത്തിൽപ്പെടാത്ത പ്രദേശം എന്ന നിലയിൽ ഈ മൂന്ന് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പണി സമയബന്ധിതമായി തുടങ്ങുവാൻ നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഞാൻ നേരത്തേ പറഞ്ഞു. ഇൻവെസ്റ്റിഗേഷനും മറ്റുപണികളുമൊക്കെ നടക്കുകയാണ്. 2005-ൽ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി.എസ്. സുപാൽ: പരിസ്ഥിതി പ്രവർത്തകരെല്ലാം രാജ്യദ്രോഹികളാണെന്നും വികസനവിരോധികളാണെന്നുമുള്ള മന്ത്രിയുടെ അഭിപ്രായത്തോട് യോജിക്കുവാൻ കഴിയില്ല. വളരെയധികം കാര്യങ്ങൾ ശരിയായി മനസ്സിലാക്കിയാണ് സംഘങ്ങളും പരിസ്ഥിതി പ്രവർത്തകരുമൊക്കെ ചില വിഷയങ്ങൾ ഉന്നയിക്കുന്നത്. നമുക്ക് യാതൊരു വിരോധവുമില്ല. പാത്രക്കടവ് പദ്ധതിയെക്കുറിച്ച് അങ്ങ് പറഞ്ഞു. പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ എന്നു പറഞ്ഞതുപോലെയാണ്. പഴയ സൈലന്റ് വാലി പദ്ധതി പേരുമാറ്റി പാത്രക്കടവ് പദ്ധതി എന്ന നിലയിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുകയാണ്. ഒന്നോരണ്ടോ ഹെക്ടർ സ്ഥലത്തിന്റെ വിഷയമല്ല. ലോകത്ത് ഏറ്റവുമധികം ജൈവ സമ്പത്തുള്ള മേഖലകളിലൊന്നാണ് പാത്രക്കടവ് മേഖല. അത് നടപ്പാക്കണമെന്ന നിർബന്ധബുദ്ധി എന്തിനാണ് കാണിക്കുന്നത്? അത് സംബന്ധിച്ച് നല്ലതുപോലെ പഠിക്കുവാൻ തയ്യാറാകണം. പരിസ്ഥിതി പ്രവർത്തകർ അടക്കമുള്ള എല്ലാപേരുമായി ചർച്ച ചെയ്യാൻ തയ്യാറാകണം. വൈദ്യുതി പ്രശ്നമാണെങ്കിൽ പൂർത്തിയാകാതെ കിടക്കുന്ന നിരവധി പദ്ധതികൾ വേറെയുണ്ട്. അത്തരം പദ്ധതികൾ പൂർത്തിയാക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചുകൊണ്ട് പാത്രക്കടവ് പദ്ധതി ഉപേക്ഷിക്കുന്നത് സംബന്ധിച്ച തീരുമാനം ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: ഈ സഭയുടെ consensus അങ്ങനെയാണെങ്കിൽ അത് നിർത്തിവയ്ക്കുവാൻ എനിക്കോ ബോർഡിനോ ഒരു എതിർപ്പുമില്ല. രാജ്യത്തിന് വേണ്ടാത്തത് നമ്മൾ എന്തിന് താൽപര്യമെടുക്കണം. ശ്രീ. പി.എസ്. സുപാൽ പറഞ്ഞതാണ് കാര്യമെങ്കിൽ ജൈവസമ്പത്തും മറ്റും നിലനിർത്തുന്നതിനും ജീവൻ നിലനിർത്തുന്നതിനും വെള്ളംവേണം. അവിടെ വെള്ളം ഒഴുകിപ്പോകും. അവിടെ ഇങ്ങനെ ഒന്ന് കെട്ടിയാൽ നാല് ഹെക്ടർ സ്ഥലത്ത് ഒരു പുതിയ കുളംപോലെ വെള്ളംകിട്ടും. രണ്ട് ഹെക്ടറേ മുങ്ങു. അവിടത്തെ വൃക്ഷലതാദികൾക്കും പക്ഷിമൃഗാദികൾക്കുമൊക്കെ ജീവിക്കുവാൻ അനുകൂലമായ സാഹചര്യം വേണം. സൈലന്റ് വാലിയിൽ ഇങ്ങനെ വെള്ളം തടയാൻ പറ്റില്ല. എവിടെയെല്ലാം ഇങ്ങനെയുള്ള ഡാം കെട്ടിയിട്ടുണ്ടോ അവിടെയെല്ലാം വലിയ നിബിഢ വനങ്ങളുണ്ടാകുന്നുണ്ട്. കാരണം വനങ്ങളിൽ വെള്ളം വേണം. എന്തിനാണ് തടയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇപ്പോൾ വലിയ വരൾച്ച വന്നപ്പോൾ ആനയും മറ്റും വെള്ളംകിട്ടാതെ നാട്ടിലേയ്ക്കിറങ്ങി ശല്യംചെയ്ത കഥകൾ എത്രയാണ് പത്രത്തിൽ വന്നത്. അവിടെ വെള്ളം നിറഞ്ഞുനിൽക്കുമ്പോൾ ഇങ്ങനെയൊന്നും സംഭവിക്കില്ല. അത് പരിസ്ഥിതിക്ക് പൂർണ്ണമായി അനുകൂലമാണ്. അതുകൊണ്ടാണ് eco-friendly എന്നുപറഞ്ഞത്. അങ്ങ് എന്താണ് മനസ്സിലാക്കിയതെന്ന് എനിക്കറിയില്ല. നമ്മൾ തമ്മിലുള്ള ഒരു ധാരണാ പിശകാണ്. പരിസ്ഥിതിവാദികൾ മോശക്കാരാണെന്നോ അവർക്ക് എന്തെങ്കിലും vested interest ഉണ്ടെന്നോ അല്ല പറഞ്ഞത്. ചിലപ്പോൾ അങ്ങനെ തോന്നിപ്പോകാം. എന്തിനാണ്? നല്ല ഉദ്ദേശ്യമാണ്. എനിക്ക് അവരെ ബഹുമാനമാണ്. മഹാകവികളും, വലിയ രാഷ്ട്രീയ നായകന്മാരും, എം.പി. മാരും ഭരണാധികാരികളുമൊക്കെ, with due respect, വേണ്ടെങ്കിൽ വേണ്ട. ഇപ്പോൾ ഗവൺമെന്റു ചെയ്യുന്ന വർക്ക് ഇതാണ് അത് നടക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി: അത്യന്തം ഗൗരവമേറിയ വിഷയമാണ് പറയുവാനുള്ളത്. സിവിൽ വർക്ക് ഉൾപ്പെടെ 50 കോടി രൂപ മുതൽ മുടക്കി എന്റെ നിയോജകമണ്ഡലത്തിൽ നിർമ്മിച്ച ഉറുമി-ചെമ്പുകടവ് പദ്ധതി, ചൈനീസ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിച്ച ഉറുമി പദ്ധതിയുടെ പാർശ്വഭിത്തി തകർന്ന് പവർഹൗസ് വെള്ളത്തിൽ മുങ്ങി. കമ്മീഷൻ നടന്ന് മാസങ്ങൾക്കുള്ളിൽതന്നെ പരിപൂർണ്ണമായി തകർന്നുകിടക്കുകയാണ്. ഞാൻ നിവേദനം നൽകിയിരുന്നു. ഇതിന് ഉത്തരവാദികളായ ആളുകളെ കണ്ടെത്തി കർശനമായ നടപടി സ്വീകരിക്കുമോ? ഇതിനെക്കുറിച്ച് വിദഗ്ദ്ധന്മാരെക്കൊണ്ട് അന്വേഷണം നടത്തിക്കുമോ; കോടിക്കണക്കിന് രൂപയാണ് അവിടെ തകർന്നത്. വളരെ വിഷമമുള്ള കാര്യമാണ്. അതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: അങ്ങേയ്ക്ക് അറിയാവുന്നതുപോലെ അത് പ്രകൃതിയുടെ ക്രൂരവിനോദമായിരുന്നു. അവിടെ തുടർച്ചയായി പത്തുമുപ്പത് മണിക്കൂർ മഴപെയ്തപ്പോൾ ഒരു ചെറിയ ഉരുൾപൊട്ടൽകൂടിയുണ്ടായി. മുകളിലുള്ള ഒരു മതിൽകെട്ട് തകർന്ന് വെള്ളം താഴത്തെ ഡാമിലേയ്ക്കുവന്നു. അത് പവർഹൗസിലേയ്ക്ക് പ്രവേശിച്ചു. വേറെ ഒരു കുഴപ്പവും അവിടെയുണ്ടായില്ല.

അങ്ങനെയുള്ള ഒരു സാഹചര്യം നിയന്ത്രണാതീതമല്ലേ? നമ്മുടെ നിയന്ത്രണത്തിനതീതമായ സാഹചര്യത്തിൽ സംഭവിച്ചതാണ്. ഉദ്യോഗസ്ഥർ അവിടെ ഉണ്ടായിരുന്നു. ഉടൻ വെള്ളംമാറ്റി. ചെയ്യാവുന്നത് ചെയ്തു. അതൊരു നിർമ്മാണ വൈകല്യമല്ല. പ്രകൃതിക്ഷോഭം മൂലമുണ്ടായ ഒരു അപകടമാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: കഴിഞ്ഞ ആറുദിവസമായി ഞാൻ ചോദ്യം ചോദിക്കാൻ കൈ ഉയർത്തുകയാണ്. ഇന്നെങ്കിലും അനുവദിച്ചതിന് നന്ദിയുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചുരുക്കിപ്പറയണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ഞാൻ ചോദ്യം ചോദിച്ചതുപോലുമില്ല. പിന്നെ എങ്ങനെയാണ്? നമ്മുടെ സംസ്ഥാനത്ത് സർവ്വേ നടപടികൾ പൂർത്തീകരിച്ച കുറേയധികം ജലവൈദ്യുത പദ്ധതികളുണ്ട്. ആ പദ്ധതികൾക്ക് വനം വകുപ്പ് സ്റ്റേ കൊടുത്തിട്ടുണ്ട്. ആ സ്റ്റേ മാറ്റി എത്രയുംപെട്ടെന്ന് ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: വനം വകുപ്പ് സ്റ്റേ നൽകുകയല്ല ചെയ്തത്. പദ്ധതികൾ ആരംഭിക്കുന്നതിന്റെ ഒരു സ്റ്റേയ്ക്ക് വനം വകുപ്പിന്റെ ക്ളിയറൻസ് വേണം. അവരുടെ ക്ളിയറൻസിന് നമ്മൾ ശ്രമിക്കുകയാണ്. അത് എത്രയും വേഗം വാങ്ങുന്നതാണ്. ഇവിടത്തെ ക്ളിയറൻസും കേന്ദ്ര ഗവൺമെന്റിന്റെ ക്ളിയറൻസും വേണം.

ശ്രീ. തോമസ് ചാഴികാടൻ: ഒരാഴ്ചയായിട്ട് ചോദ്യം ചോദിക്കുവാൻ ശ്രമിക്കുകയാണ്. ഇന്ന് അവസരം കിട്ടിയതിൽ സന്തോഷമുണ്ട്. ഇവിടെ പാത്രക്കടവ് പദ്ധതിയെക്കുറിച്ച് വിശദമായി സംസാരിക്കുകയുണ്ടായി. പാത്രക്കടവ് പദ്ധതി നടപ്പാക്കുന്നതിൽ വളരെയധികം ചർച്ച നടന്നുവെന്നതാണ് വസ്തുത. ജല വൈദ്യുത പദ്ധതികൾ നടപ്പാക്കിക്കൊണ്ടുമാത്രമേ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുവാൻ കഴിയൂ. ആ ലക്ഷ്യംവച്ചുകൊണ്ട് ഇതിന് ആദ്യം ഭരണാനുമതി നൽകിയത് ഏത് കാലത്താണ്; അല്ലെങ്കിൽ ആരുടെ കാലഘട്ടത്തിലാണ് ഭരണാനുമതി നൽകിയതെന്ന് അറിയാമോ?

ശ്രീ. കടവൂർ ശിവദാസൻ: അതിന്റെ ഇൻവെസ്റ്റിഗേഷൻ നടക്കുന്നതേയുള്ളൂ. അത് നടപ്പാക്കേണ്ട രീതിയിൽ ആയിട്ടില്ല. ബോർഡിനോ ഗവൺമെന്റിനോ രാഷ്ട്രീയ നിറമില്ല. ബോർഡ് കാലാകാലങ്ങളിൽ പദ്ധതികൾ ഓരോന്നോരോന്നായി എടുത്ത് സർവ്വേയ്ക്ക് പ്രത്യേക എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നിയമിക്കും. ആരുടെ ഭരണകാലത്താണ് തുടങ്ങിയതെന്ന് എനിക്ക് പറയുവാൻ പറ്റില്ല. അത് ഞാൻ നോട്ട് ചെയ്തില്ല.

ഡോ. എ. നീലലോഹിതദാസൻ നാടാർ: കഴിഞ്ഞ ഒരു കാൽനൂറ്റാണ്ടു കാലത്തെ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത് വൻകിട ജലവൈദ്യുത പദ്ധതികളൊന്നും സാധ്യമല്ലെന്നാണ്. ഈ ഒരു പശ്ചാത്തലത്തിൽ മഴവെള്ളം സംഭരിച്ച് ജലസേചനത്തിനും ശുദ്ധജലത്തിനും വിതരണത്തിനുമുള്ള ചില പദ്ധതിക്കളെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചുതുടങ്ങിയിട്ടുണ്ട്. അതിന് ചില പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതുമായി മുന്നോട്ടുപോയി ജലവൈദ്യുത ഉൽപ്പാദനരംഗത്തുകൂടി ഒരു ചെറുകിട പദ്ധതിയുടെ ശൃംഖല പടുത്തുയർത്തുന്നതിന് ആസൂത്രിതമായി ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കടവൂർ ശിവദാസൻ: അങ്ങനെ ചിന്തിക്കുമ്പോഴാണ് run of the river scheme വരുന്നത്. വലിയ നദികളിലെല്ലാം കുറേശ്ശെ വെള്ളം കെട്ടി നിറുത്തി അവിടെ നിന്ന് രണ്ടോ മൂന്നോ മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ട് വീണ്ടും വെള്ളം ഒഴുക്കിവിടും. അങ്ങനെയുള്ള പദ്ധതികൾ ചൈനയിലുണ്ട്. അത്തരം പദ്ധതികളെക്കുറിച്ച് ആലോചിക്കാം. അത് എക്കോ ഫ്രണ്ട്ലിയാണ്. നടത്താവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി. ഉൽപ്പാദനരംഗത്ത് വളരെ തീവ്രമായ രണ്ടു ഭാഗങ്ങൾ നമുക്ക് കാണാൻ കഴിയുന്നുണ്ട്. ഒന്ന്, താപനിലയങ്ങൾ ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നമുണ്ട്. രണ്ട്, നമ്മൾ ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ നടത്തിക്കൊണ്ടിരിക്കുന്ന വൻകിട ജലസേചന പദ്ധതികളിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടെന്ന് പറയുന്ന രൂപത്തിലുള്ള വിമർശനങ്ങൾ വരുന്നു. പരിസ്ഥിതി പ്രശ്നം ഒരു പബ്ലിസിറ്റിയാക്കിക്കൊണ്ടു പോകുന്നതിന് ചില ആളുകൾ ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ പത്തു കൊല്ലമായി കേരള സംസ്ഥാനത്ത് വൈദ്യുതി രംഗത്ത് ഈ താപനിലയങ്ങൾ വന്നതുകൊണ്ട് ഉണ്ടാക്കിയ പരിസ്ഥിതി പ്രശ്നത്തെക്കുറിച്ച് ഇതുവരെ ആരും പറയുന്നില്ല. അതിനകത്ത് വിദേശ കോൺട്രാക്ടർമാർ വരുന്നുണ്ട്. അവരുടെ സാമ്പത്തികമായ താൽപ്പര്യങ്ങൾ വരുന്നുണ്ട്. ആ താൽപ്പര്യം കൂടി ഇതിനകത്തുണ്ടോ എന്നു പരിശോധിക്കുകയും താപനിലയങ്ങളിൽ നിന്ന് വൈദ്യുതി എടുക്കുമ്പോൾ കേരളത്തിലെ ജനങ്ങളുടെ മേൽ ചുമത്തുന്ന ടാക്സ്, പതിനായിരക്കണക്കിന് കോടി രൂപ ആ ഇനത്തിൽ നമ്മുടെ കയ്യിൽ നിന്ന് പോയിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ കൂടി പരിശോധിച്ച് കേരള സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള പുതിയ ഹൈഡൽ പ്രോജക്ടുകളെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: നമ്മൾ ആരംഭിച്ച ജലവൈദ്യുത പദ്ധതികൾ പൂയംകുട്ടി, അതിരപ്പിള്ളി എന്നിവയെല്ലാം യഥാസമയം ഇതുപോലുള്ള തടസ്സങ്ങൾ ഉണ്ടാക്കാതെ നടന്നിരുന്നുവെങ്കിൽ ആയിരക്കണക്കിന് കോടി രൂപ കേരളത്തിന് ലാഭം കിട്ടുമായിരുന്നു. എല്ലാം തടഞ്ഞതിന്റെ ഫലമായി ആയിരക്കണക്കിന് രൂപ നഷ്ടപ്പെട്ടു.

ശ്രീ. എ. കെ. ബാലൻ: പാലക്കാട് ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിൽ ജലസേചനത്തിനും വൈദ്യുതിക്കും ഉപകരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് കുരിയാർകുറ്റി-കാരപ്പാറ പദ്ധതി. കുരിയാർകുറ്റി-കാരപ്പാറ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ മുമ്പിലുള്ള പ്രോജക്ടിൽ ചെറിയൊരു മാറ്റം വരുത്തിയാൽ അതിന് അംഗീകാരം കൊടുക്കാമെന്നാണ് പറഞ്ഞത്. ഡാമിന്റെ ഉയരം അൽപ്പം കുറച്ചാൽ മതി. കേരള ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇന്നുവരെ ആ രൂപത്തിൽ റിവൈസ് ചെയ്തുകൊണ്ടുള്ള ഒരു എസ്റ്റിമേറ്റ് കൊടുത്തിട്ടില്ല. ഇതു അനുവദിച്ചുകിട്ടിയാൽ തെക്കൻപ്രദേശത്തുണ്ടാകുന്ന വരൾച്ചയിൽ നിന്നും കുടിവെള്ള പ്രശ്നത്തിൽ നിന്നും പാലക്കാട് ജില്ലയെ രക്ഷിക്കാൻ കഴിയുമായിരുന്നു.

ശ്രീ. കടവൂർ ശിവദാസൻ: ഭാഗികമായിട്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും പവർ ഡിപ്പാർട്ടുമെന്റും കൂടി ചേർന്നുള്ള സംയുക്ത പദ്ധതിയാണിത്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്ത് നിന്ന് ധാരാളം പണം ചെലവാകും. അത്രയും പണം ഇപ്പോൾ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് അവയിലബിളല്ല എന്നുള്ളതാണ് ഒരു കാര്യം. പവർ ഡിപ്പാർട്ട്മെന്റു മാത്രം അടയ്ക്കാമെന്നു വച്ചാൽ ഞങ്ങൾ കണക്കു കൂട്ടി നോക്കി, സെൻട്രൽ ഗവൺമെന്റ് പറയുന്നതുപോലെ പ്രോജക്ട് മാറ്റി ചെയ്യാം. അപ്പോൾ കോസ്റ്റ് വളരെ കൂടുന്നു. എന്നാൽ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. അഞ്ചും ആറും രൂപയ്ക്ക് ഇലക്ട്രിസിറ്റിയുണ്ടാക്കിയാൽ എവിടെയാണ് വിൽക്കുന്നത്? അത് വേറെ നഷ്ടത്തിലേയ്ക്ക് വരും. It must be reasonable. അത്രയും കാര്യമേ അതിലുള്ളൂ.

ശ്രീ. എ. എൻ. രാജൻബാബു: ഭീമമായ നഷ്ടത്തിനിടയിലാണ് പുതിയ ജലവൈദ്യുത പദ്ധതികൾ നാം നടത്തേണ്ടത്. ഏതാണ്ട് 12 പ്രസരണ പദ്ധതികൾ പൂർത്തിയായ സ്റ്റേജിൽ എത്തിയിട്ടുണ്ട്. കേരളത്തിൽ അങ്ങനെ പൂർത്തിയായ പ്രസരണപദ്ധതികൾ എത്രയുണ്ട്, അത് കമ്മിഷൻ ചെയ്യാതിരിക്കുന്നതിന് എന്താണ് കാരണം?

ശ്രീ. കടവൂർ ശിവദാസൻ: പൂർത്തിയായിട്ട് കമ്മീഷൻ ചെയ്യാതിരിക്കുന്നതായിട്ട് ഒരു പദ്ധതിയുമില്ല. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുണ്ട്. അത് മലങ്കര, കുറ്റ്യാടി, നേര്യമംഗലം, കുറ്റ്യാടി ലോവർ, മീൻമുട്ടി, കുറ്റ്യാടി ആഗ്മെന്റേഷൻ, കുറ്റ്യാടി ഡൈവർഷൻ, ശബരിഗിരി പുനരുദ്ധാരണം, നേര്യമംഗലം പുനരുദ്ധാരണം ഇവയാണ്. ഇതെല്ലാം കൂടി പൂർത്തിയായാൽ 187 മെഗാവാട്ട് വൈദ്യുതി ലഭിക്കുകയും ചെയ്യും. ഒന്നുരണ്ടു വർഷത്തിനുള്ളിൽ ഇവയെല്ലാം പൂർത്തിയാക്കാൻ കഴിയും.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ 2004-2005 വർഷത്തിൽ ബോർഡിന്റെ ടാർജറ്റ് വർക്കായി അധികമായിട്ട് 391.5 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ച് പ്രഖ്യാപിക്കുകയുണ്ടായി. അതിനുവേണ്ടി 256 കോടി രൂപ പ്രൊപ്പോസ് ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് രൂപം കൊടുക്കാൻ വേണ്ടി ഗവൺമെന്റ് തയ്യാറായിട്ടുള്ളത്? എത്ര യൂണിറ്റ് കറന്റാണ് ഉൽപ്പാദിപ്പിക്കാൻ വേണ്ടി ലക്ഷ്യമിടുന്നത്?

ശ്രീ. കടവൂർ ശിവദാസൻ: ഇപ്പോൾ വായിച്ചതിൽ തന്നെ 187 മെഗാവാട്ടിന്റെ കാര്യം ഉണ്ട്. വളരെ വേഗം അവ പൂർത്തിയാക്കാനുള്ള സ്റ്റേജിലേയ്ക്ക് പോവുകയാണ്. അതിരപ്പിള്ളി ഇപ്പോൾ പൂർത്തിയായി കഴിയേണ്ടതാണ്. അതുരണ്ടും കൂടി ചേരുമ്പോൾ ഞങ്ങൾ പറഞ്ഞ ഏകദേശ കണക്കാകും. ചൈനീസ് പ്രോജക്ടുകൾ പൂർത്തിയായിക്കഴിഞ്ഞു. അതെല്ലാം കൂടി ചേരുമ്പോൾ കുറ്റ്യാടി ആഗ്മെന്റേഷൻ, അതിന്റെ 50 മില്യൻ യൂണിറ്റ് കൂടി വരുമ്പോൾ ഞങ്ങൾ പറഞ്ഞതിലും കവിയും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ചന്ദ്രൻ: സർവ്വേ നടപടികൾ പൂർത്തിയാക്കിയ 21 പദ്ധതികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ആ 21 പദ്ധതികളിൽ അതിപ്രധാനമായ കുരിയാർകുറ്റി-കാരപ്പാറ പദ്ധതി കാണുന്നില്ല. ഇത് ഉപേക്ഷിക്കപ്പെട്ട പദ്ധതിയല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഏറ്റെടുക്കുന്നതിൽ ടോപ് പ്രയോറിറ്റി കൊടുക്കേണ്ട ഒരു പദ്ധതിയാണിത്. ആ നിലയിൽ ഗവൺമെന്റ് ഇതിനെ കാണുകയും കുരിയാർകുറ്റി-കാരപ്പാറ പദ്ധതി കഴിയുംവേഗം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. കടവൂർ ശിവദാസൻ: ഞാൻ നേരത്തെ പറഞ്ഞ പ്രയാസം മാത്രമേയുള്ളൂ. അതിനുവേണ്ടി വളരെയധികം ശ്രമങ്ങൾ നടത്തുകയും സെൻട്രൽ ഗവൺമെന്റിൽ പോയി സാംഗ്ഷൻ വാങ്ങാനൊക്കെ ശ്രമിക്കുകയും ചെയ്തതാണ്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റു കൂടി തയ്യാറായാൽ ഈ പദ്ധതി ഉടൻ തന്നെ ഞങ്ങൾക്ക് ചെയ്യാൻ കഴിയും. പവറിന്റെ മാത്രം ഫാക്ടർ ആകുമ്പോൾ വളരെ കോസ്റ്റ്ലി ആണ്. വളരെ കോസ്റ്റ്ലിയായ ഒരു പ്രോജക്ട് ചെയ്യുമ്പോൾ, ആറു രൂപയ്ക്കു മുകളിലാകും. അതു ബുദ്ധിമുട്ടാണ്. മറ്റുകാര്യത്തെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. ജയരാജൻ: പത്താം പഞ്ചവൽസര പദ്ധതിക്കാലത്ത് 440.35 മെഗാവാട്ട് ശേഷിയുള്ള ഹൈഡൽ പ്രോജക്ടുകൾ പൂർത്തീകരിക്കുമെന്നാണ് പ്ലാനിംഗ് ബോർഡ് റിപ്പോർട്ടിൽ പറയുന്നത്. ഇപ്പോൾ പത്താം പഞ്ചവൽസര പദ്ധതിയുടെ മൂന്നു വർഷം പിന്നിടാൻ പോകുകയാണ്. ഇതിനകം 60 ശതമാനമെങ്കിലും പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയണം. പക്ഷേ കഴിഞ്ഞിട്ടില്ലെന്നുള്ളത് വസ്തുതയാണ്. ആ സ്ഥിതിയിൽ പത്താം പദ്ധതിക്കാലത്ത് ലക്ഷ്യം വച്ചിട്ടുള്ള ഹൈഡൽ പ്രോജക്ടുകൾ എത്രമാത്രം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്?

ശ്രീ. കടവൂർ ശിവദാസൻ: ഇതിൽ മലങ്കര 31-12-2004-ൽ പൂർത്തിയാക്കാമെന്നാണ് ഞങ്ങളുടെ കണക്ക്. വളരെ വേഗം കമ്മിഷൻ ചെയ്യാം. കുറ്റ്യാടി ടെയിൽറേസ് 31-12-2005-ൽ കമ്മിഷൻ ചെയ്യാം. നേര്യമംഗലം 2006 ആകും. ലോവർ മീൻമുട്ടി 2005 ആകും. അതിരപ്പിള്ളി ഞങ്ങൾ വിചാരിച്ചതുപോലെ നടന്നില്ല. കുറ്റ്യാടി ആഗ്മെന്റേഷൻ 220 മില്യൻ യൂണിറ്റ് ഇപ്പോൾ ഒറ്റ വർഷത്തിനുള്ളിൽ ചെയ്യാം. കുറ്റ്യാടി ഡൈവർഷൻ ഒരു വർഷത്തിനകം പൂർത്തിയാക്കി കമ്മിഷൻ ചെയ്യാൻ കഴിയും. ഇത്രയുമൊക്കെ ചെയ്യുമ്പോൾ ഈ പറയുന്ന 450 മെഗാവാട്ട് കിട്ടും.

ശ്രീ. വർക്കല കഹാർ: ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി കേന്ദ്രത്തിന്റെ എല്ലാ അനുമതിയും കിട്ടിയ ഏതെങ്കിലും പദ്ധതി ടെണ്ടർ വിളിച്ചുശേഷം ദീർഘനാൾ കഴിഞ്ഞിട്ടും ടെണ്ടർ പൊട്ടിക്കാതെയും വർക്ക് അവാർഡ് ചെയ്യാതെയുമുണ്ടോ? ഉണ്ടെങ്കിൽ ഇത്രയുംനാൾ താമസിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: എന്റെ അറിവിൽ അങ്ങനെയൊന്നും ഇല്ല.